ശ്രീ. പി.എസ്. ശ്രീനിവാസൻ: എന്തെങ്കിലും തടസ്സമുണ്ടെന്നു ശ്രദ്ധയിൽപ്പെടുത്തിയാൽ ആവശ്യമായ നടപടി സ്വീകരിക്കാം.

ശ്രീ. പി. ശങ്കർ: ഉയർന്നതരം നൂലിന്റെ വില വർദ്ധനവു കൊണ്ടാണ് പ്രയാസമെന്നു മന്ത്രി പറഞ്ഞു. അങ്ങനെയാണെങ്കിൽ കേരളത്തിലെ കോവാപ്പറേറീവ് സ്പിന്നിംഗ് മില്ലുകളിൽ ഉയർന്നതരം നൂല് ഉൽപ്പാദിപ്പിക്കാൻ ശ്രമം നടത്തുമോ; അതിന് കേന്ദ്രത്തിൽ സമ്മർദ്ദം ചെലുത്തുമോ?

ശ്രീ. പി.എസ്. ശ്രീനിവാസൻ: ഉയർന്നതരം നൂലു നിർമ്മിക്കുന്നതിനുള്ള തടസ്സം നീക്കുന്നതിന് പുതുതായി ഒരു കോവാപ്പറേറീവ് സ്പിന്നിംഗ് മില്ലിനുള്ള അനുമതി കിട്ടണമെന്ന് കേന്ദ്രഗവൺമെന്റിനോട് ആവശ്യപ്പെട്ടിട്ടുണ്ട്. വളരെ വേഗത്തിൽ അനുമതി കിട്ടുമെന്നാണ് കരുതുന്നത്.

ശ്രീ. പിണറായി വിജയൻ: ഈ പദ്ധതിയുടെ ഭാഗമായി കണ്ണൂർ ജില്ലയിൽ ഏതാണ്ട് എട്ട് സൊസൈറ്റികളിൽ ഒന്നുമാത്രമാണ് ഉൽഘാടനം ചെയ്തിട്ടുള്ളത്. ബാക്കി സൊസൈറ്റികളിൽ ഒന്നായ പിണറായിയിലെ സൊസൈറ്റിക്കുവേണ്ടി സ്ഥലമെടുത്തിട്ട് രണ്ടുവർഷത്തോളമായി. അവിടെ കെട്ടിടം നിർമ്മിക്കുന്നതിനുള്ള ഉത്തരവ് ആരാണ് കൊടുക്കേണ്ടതേ. ഏതോ ഒരു കോർപ്പറേഷൻ ആണെന്നാണ് കേൾക്കുന്നത്. തടസ്സങ്ങൾ നീക്കി കെട്ടിടം പണി വേഗത്തിൽ ആരംഭിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

ശ്രീ. പി.എസ്. ശ്രീനിവാസൻ: വെയർ ഹൗസിംഗ് കോർപ്പറേഷനെയാണ് ചുമതലപ്പെടുത്തിയിരിക്കുന്നതെന്നാണ് തോന്നുന്നത്. എന്തായാലും കാലതാമസം ഒഴിവാക്കുന്നതിന് നടപടികൾ സ്വീകരിക്കുന്നതാണ്.

ശ്രീ. കെ.ടി. കുമാരൻ: സഹകരണസംഘങ്ങൾ നടപ്പിൽവരുത്തുന്നതിനുവേണ്ടി കണ്ണൂർ ജില്ലയിലുള്ള മിക്ക സ്ഥാപനങ്ങളും ഇതിനകം ഉൽഘാടനം ചെയ്യപ്പെട്ടിട്ടുണ്ട്. മാർക്സിസ്റ്റു പാർട്ടിക്കാരുടെ തടസ്സംമൂലം ഏതാനും ചില കെട്ടിടങ്ങൾ നിർമ്മിക്കുന്നതിനു കഴിയുന്നില്ല എന്ന് ബഹുമാനപ്പെട്ട മന്ത്രിയുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; അങ്ങനെയാണെങ്കിൽ എന്തു നടപടി സ്വീകരിക്കാൻ ഉദ്ദേശിക്കുന്നു?

ശ്രീ. പി.എസ്. ശ്രീനിവാസൻ: എന്തു തടസ്സമാണെന്നറിയില്ല. എന്തായാലും തടസ്സങ്ങൾ പരിഹരിക്കുന്നതിനുള്ള നടപടികൾ ഗവൺമെന്റ് സ്വീകരിക്കുന്നതാണ്.

എൻകോസ് സ്ഥാപനങ്ങളിൽ നിന്നും പിരിച്ചു വിടപ്പെട്ട ജീവനക്കാർ

* 778 [847] ശ്രീ. ആർ. സുന്ദരേശൻ നായർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും വനവും വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) എൻകോസിന്റെ സ്ഥാപനങ്ങളിൽനിന്നും പിരിച്ചുവിടപ്പെട്ട എത്ര ജീവനക്കാർ ഉണ്ട്;

(ബി) ഇവരിൽ എത്ര പേർക്ക് ജോലി നൽകാൻ സാധിച്ചിട്ടുണ്ട്;

LIBRARY ARCHIVES Kerala Legislative Assembly

(സി) ജോലി ലഭിക്കാത്തവർക്ക് ഗവൺമെൻറ് ഡിപ്പാർട്ടുമെൻറുകളിലും സ്ഥാപനങ്ങളിലും ഉള്ള നിയമനങ്ങളിൽ മുൻഗണന നൽകുമോ?

വ്യവസായവും വനവും വകുപ്പു മന്ത്രി (ശ്രീ. പി.എസ്. ശ്രീനിവാസൻ):

(എ) 1436.

(ബി) 370.

(സി) നിലവിലുള്ള നിയമന വ്യവസ്ഥകളനുസരിച്ച് ഇതിന് നിവൃത്തിയില്ല.

ശ്രീ. ആർ. സുന്ദരേശൻ നായർ: എൻകോസിന്റെ അടച്ചുപൂട്ടിയ സ്ഥാപനങ്ങൾ പുനരുദ്ധരിക്കാനുള്ള ഉത്തരവാദിത്വം സിഡ്കോയ്ക്ക് കൊടുത്തിരുന്നു. ഒച്ച് ഇഴയുന്നതുപോലെ വേഗതയിൽ പ്രവർത്തനങ്ങൾ നടത്തുകയും ഉദ്യോഗസ്ഥൻമാരെ നിയമിക്കുന്ന കാര്യത്തിൽമാത്രം താൽപ്പര്യം പ്രകടിപ്പിക്കുകയും ചെയ്യുന്ന സിഡ്കോ പിരിച്ചുവിട്ട ആളുകൾക്ക് മുൻഗണന കൊടുക്കുന്നതിനുപകരം വെളിയിൽനിന്നും ആളുകളെ തെരഞ്ഞെടുക്കുന്ന കാര്യത്തിൽ താൽപ്പര്യം കാണിക്കുന്നു എന്നുള്ള കാര്യം ബഹുമാനപ്പെട്ട മന്ത്രിയുടെ ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ?

ശ്രീ. പി.എസ്. ശ്രീനിവാസൻ: അവിടെ ഉണ്ടായിരുന്ന ജീവനക്കാരെ അല്ലാതെ പുറത്തുനിന്നും ആരെയും എടുക്കുന്നതായി ഗവൺമെൻറിന്റെ ശ്രദ്ധയിൽ പെട്ടിട്ടില്ല. അവിടെ ഉണ്ടായിരുന്ന ആളുകളെയല്ലാതെ മറ്റാരെയെങ്കിലും എടുത്തിട്ടുണ്ടെന്ന് ചൂണ്ടിക്കാണിക്കുകയാണെങ്കിൽ നടപടികൾ എടുക്കുന്നതാണ്.

ശ്രീ. ആർ. സുന്ദരേശൻനായർ: എൻകോസ് അടച്ചു പൂട്ടാൻ കാരണക്കാരായ ആളുകളോട് അനുകമ്പാപൂർവമായ സമീപനം സ്വീകരിക്കുന്നതുപോലെഎമൗണ്ട് റൈറ്റ് ഓഫ് ചെയ്യുന്ന സമീപനം ഈ സ്ഥാപനത്തിന്റെ കീഴിലുള്ള ചെറുകിട വ്യവസായങ്ങളുടെ കാര്യത്തിലും മിനി വ്യവസായങ്ങളുടെ കാര്യത്തിലും—അവർ ഇപ്പോൾ ആത്മഹത്യ ചെയ്യണമോ ഒളിച്ചു പോകണമോയെന്നുള്ള രീതിയിൽ പോവുകയാണ്—കൂടി കാണിക്കാൻ ദയവുണ്ടാകുമോ?

ശ്രീ. പി.എസ്. ശ്രീനിവാസൻ: എല്ലാ വ്യവസായസ്ഥാപനങ്ങളോടും അനുകമ്പ കാണിക്കാനും പുനരുദ്ധരിക്കാനും ആണ് ഗവൺമെൻറ് ഉദ്ദേശിക്കുന്നത്. രോഗികളോടുള്ള സമീപനമാണ് അത്തരം സ്ഥാപനങ്ങളോട് കാണിക്കുക.

ശ്രീ. ജി.പി. മംഗലത്തുമഠം: ബഹുമാനപ്പെട്ട മന്ത്രിയുടെ കണക്കനുസരിച്ച് 1066 ആളുകൾ തൊഴിലില്ലാതെ അലഞ്ഞു നടക്കുകയാണ്. ചിലർ കിടപ്പാടം വിറ്റും ഷെയർ വാങ്ങിച്ചിട്ടുള്ളതാണ്. അവർക്ക് ജോലി കൊടുക്കുന്നതിനെപ്പറ്റി ആലോചിക്കുമോ?

ശ്രീ. പി.എസ്. ശ്രീനിവാസൻ: ഇപ്പോൾ രണ്ട് മൂന്ന് സ്ഥാപനങ്ങൾകൂടി പ്രവർത്തനത്തിൽ കൊണ്ടുവരാൻ ഉണ്ട്. അതിനുവേണ്ടി പരിശ്രമം നടത്തിക്കൊണ്ടിരിക്കുകയാണ്. ഭൂരിപക്ഷം ആളുകൾക്കും ഇപ്പോൾ തൊഴിൽ ലഭിക്കും.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ടി. കെ. രാമകൃഷ്ണൻ: ഷൊർണൂരിൽ ഉണ്ടായിരുന്ന എൻകോസ് സ്ഥാപനത്തിലെ തൊഴിലാളികൾ 5 മാസത്തോളം സമരം നടത്തുകയുണ്ടായി. അതിൽ ഒറ്റ ആളിനും തൊഴിൽ കിട്ടിയിട്ടില്ലെന്നുള്ള പരാതി ഉണ്ടായിരുന്നു. അവർക്ക് പണി കൊടുക്കാനുള്ള നടപടി എടുക്കുമോ?

ശ്രീ. പി.എസ്. ശ്രീനിവാസൻ: ആ സ്ഥാപനം താമസിയാതെ തന്നെ കാര്യക്ഷമമാക്കുമെന്നാണ് കരുതുന്നത്. മുഴുവൻ ആളുകൾക്കും തൊഴിൽ കൊടുക്കാനും കഴിയും.

ശ്രീ. വി.ജെ. ജോസഫ്: മന്ദഗതിയിൽ പ്രവർത്തിച്ചുകൊണ്ടിരിക്കുന്ന ആലപ്പി സ്ക്കൂട്ടേഴ്സിനു സ്ക്കൂട്ടേഴ്സ് ഇൻഡ്യാ ലിമിറ്റഡിൽനിന്നും സ്പെയർപാർട്ട്സ് കിട്ടാത്തതുകൊണ്ട് അവിടത്തെ തൊഴിലാളികൾക്കു ജോലി നഷ്ടപ്പെടുമെന്നുള്ളതുകൊണ്ട് അവർക്ക് സ്പെയർപാർട്ട്സ് കിട്ടാൻ ആവശ്യമായ നടപടികൾ എടുക്കുമോ?

ശ്രീ. പി.എസ്. ശ്രീനിവാസൻ: അങ്ങനെയൊരു പരാതി ബഹുമാനപ്പെട്ട മെമ്പർതന്നെ തന്നിട്ടുണ്ട്. അതിനാവശ്യമായ നടപടികൾ സ്വീകരിക്കുന്നതാണ്.

ശ്രീ. കെ.പി. നൂറുദ്ദീൻ: 300-ൽ പരം പേർക്ക് ജോലി കൊടുക്കാൻ ഉണ്ടെന്ന് ബഹുമാനപ്പെട്ട മന്ത്രി പറഞ്ഞു. ഇങ്ങനെ തിരിച്ച് ജോലി കൊടുക്കാൻ അംഗീകരിച്ചിരിക്കുന്ന മാനദണ്ഡം എന്താണ്? സർവ്വീസ് അനുസരിച്ചുള്ള പ്രത്യേക സംവിധാനം ഉണ്ടാക്കിയതിന്റെ അടിസ്ഥാനത്തിലാണോ?

ശ്രീ. പി.എസ്. ശ്രീനിവാസൻ: അവരുടെ സർവ്വീസും അതുപോലെതന്നെ ഉള്ള മുൻഗണനാലിസ്റ്റും പരിഗണിച്ചാണ് ചെയ്യുന്നത്.

ശ്രീ. പി.പി. എസ്തോസ്: കഴിഞ്ഞ രണ്ട് വർഷമായി ഈ നിയമസഭയിൽ വിവിധ രൂപത്തിൽ ഈ എൻകോസ്, പെൻകോസ് എന്നിവയെപ്പറ്റി ചർച്ച ചെയ്യപ്പെട്ടിട്ടുണ്ട്. 370 പേർക്കാണ് ജോലി കൊടുത്തിട്ടുള്ളത്. എറണാകുളത്ത് ഉണ്ടായിരുന്ന സൗത്ത് ഇൻഡ്യൻ എലക്ട്രോപ്ലേറ്റിംഗ് കമ്പനിയിൽ വളരെ കൂടുതൽ പേർക്ക് ജോലി ഉണ്ടായിരുന്നതാണ്. അത്തരം ജോലികൾ ആരംഭിക്കാതെ ഇനിയും അവരെ ഇട്ട് വലയ്ക്കുന്നത് ശരിയാണോ? അത്തരം സ്ഥാപനങ്ങൾ വേഗം തുടങ്ങി അവർക്ക് ജോലി കൊടുക്കാൻ നടപടികൾ സ്വീകരിക്കുമോ?

ശ്രീ. പി.എസ്. ശ്രീനിവാസൻ: ഈ എല്ലാ സ്ഥാപനങ്ങളും പുനഃപ്രവർത്തനത്തിനുവേണ്ടി ശ്രമിച്ചുകൊണ്ടിരിക്കുകയാണ്.

ശ്രീ. സേവ്യർ അറയ്ക്കൽ: ബഹുമാനപ്പെട്ട മന്ത്രി പറഞ്ഞു പല സ്ഥാപനങ്ങളും പൂർണ്ണമായും പ്രവർത്തനത്തിൽ വന്നിട്ടില്ലെന്ന്. ഇനി മൊത്തം എത്ര കോടി രൂപ ചെലവാക്കിയാൽ ഇത് നടപ്പിലാക്കാൻ സാധിക്കുമെന്ന് പറയാമോ?

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. പി. എസ്. ശ്രീനിവാസൻ: കോടിക്കണക്കിന് വേണമെന്നു തോന്നുന്നില്ല. കൃത്യമായി ഇപ്പോൾ പറയാൻ സാധിക്കുകയില്ല.

ശ്രീ. എസ്. ത്യാഗരാജൻ: എൻകോസിന്റെ സ്ഥാനത്താണ് ഇപ്പോൾ സിഡ്കോ ഉണ്ടാക്കിയിരിക്കുന്നതെന്ന് പറഞ്ഞു. എൻകോസിന്റെ നേതൃത്വത്തിൽ പ്രവർത്തിച്ചിരുന്ന സ്ഥാപനങ്ങൾ ഇപ്പോൾ സിഡ്കോയുടെ നേതൃത്വത്തിൽ പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. അവിടെ മുൻകാലത്ത് ജോലി ചെയ്തിരുന്ന തൊഴിലാളികൾക്കു ജോലി നൽകാതെ മറ്റ് മേഖലയിൽനിന്നും തൊഴിലാളികളെ നിയമിക്കുന്നു എന്നുള്ള കാര്യം ഗവൺമെന്റിന്റെ ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ? അതുപോലെതന്നെ അവിടെ തൊഴിലാളികൾക്ക് മുൻകാലങ്ങളിൽ കിട്ടിയിരുന്ന സേവനവ്യവസ്ഥകൾ നിക്കരിച്ചതായി ഗവൺമെന്റിന്റെ ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ?

ശ്രീ. പി.എസ്. ശ്രീനിവാസൻ: എൻകോസിനു പകരമായി അല്ല സിഡ്കോ ഉണ്ടാക്കിയിരിക്കുന്നത്. പീഡിത വ്യവസായങ്ങൾ ഏറ്റെടുത്തു നടത്താനുള്ള സ്ഥാപനമെന്നുള്ള നിലയിൽ ഏൽപ്പിക്കാമെന്നാണ് പറഞ്ഞിട്ടുള്ളത്. ഏതെങ്കിലും നിയമവിരുദ്ധമായ പ്രവർത്തനം നടത്തിയിട്ടുണ്ടെങ്കിൽ ശ്രദ്ധയിൽ പെടുത്തിയാൽ നടപടികൾ സ്വീകരിക്കുന്നതും തിരുത്തുന്നതും ആണ്.

ശ്രീ. പി. ബാലൻ: ചിറ്റൂർ പ്രദേശത്തെ പെൻകോസ് ജീവനക്കാർ മൂന്നുമാസക്കാലം സെക്രട്ടേറിയറ്റ് നടയിൽ സമരം നടത്തുകയും അവസാനം വ്യവസായവകുപ്പുമന്ത്രി ഇടപെട്ട് വളരെ ഉറപ്പിച്ച് തന്നെ അത് തുറന്ന് പ്രവർത്തിക്കാമെന്ന് ഉറപ്പ് കൊടുക്കുകയും ചെയ്തതാണ്. അത് ഇതുവരെയായിട്ടും തുറന്ന് പ്രവർത്തിച്ചിട്ടില്ല. അത് കഴിയുന്നതും വേഗം തുറന്ന് പ്രവർത്തിപ്പിക്കാൻ ആവശ്യമായ നടപടികൾ സ്വീകരിക്കുമോ?

ശ്രീ. പി.എസ്. ശ്രീനിവാസൻ: അടിയന്തിരമായ നടപടികൾ സ്വീകരിക്കുന്നതാണ്.

ശ്രീ. പി.ആർ. ഫ്രാൻസിസ്: ബഹുമാനപ്പെട്ട മുൻ വ്യവസായ മന്ത്രി ശ്രീ. ടി.വി. തോമസ് ഉണ്ടായിരുന്നപ്പോൾ തെക്കെ ഇൻഡ്യയിലെ വലിയൊരു വ്യവസായമായ കൊച്ചിൻ മാല്യബിംസ് ഏറ്റെടുക്കാൻ നടപടികൾ ആരംഭിച്ചിരുന്നതാണ്. അത് ഏറ്റെടുക്കാൻ എന്താണ് താമസമുണ്ടായിട്ടുള്ളത്?

ശ്രീ. പി.എസ്. ശ്രീനിവാസൻ: കൊച്ചിൻ മാല്യബിംസ് ഇപ്പോൾ ലിക്വിഡേഷനിലാണ്. അത് കോടതിയിൽ ഇരിക്കുന്ന കാര്യമാണ്.

ശ്രീ. വി.ജെ. ജോസഫ്: അനുകമ്പാപൂർവമായ നിലപാട് ചില വ്യവസായങ്ങളുടെ കാര്യത്തിൽ സ്വീകരിക്കാമെന്ന് ബഹുമാനപ്പെട്ട മന്ത്രി പറഞ്ഞു, പുതിയ വ്യവസായികളെ ആകർഷിക്കുന്നതിനുവേണ്ടി. അങ്ങനെയാണെങ്കിൽ പുതിയ വ്യവസായങ്ങൾ ആരംഭിക്കാൻവേണ്ടി ഗവൺമെന്റ് സബ്സിഡി കൊടുക്കാൻ തയ്യാറാകുമോ?

ശ്രീ. പി.എസ്. ശ്രീനിവാസൻ: വ്യവസായികൾക്ക് എന്തെല്ലാം കാര്യങ്ങൾ ചെയ്തുകൊടുക്കാൻ സാധിക്കുമെന്നുള്ള കാര്യം ഗവൺമെന്റ് പരിശോധിച്ചുകൊണ്ടിരിക്കുകയാണ്. വളരെവേഗംതന്നെ അത് സഭയെ അറിയിക്കാം.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. എം.വി. രാഘവൻ: എൻകോസ് സ്ഥാപനങ്ങൾ പിരിച്ചു വിട്ടു. 300-ൽ പരം ആളുകൾക്കു മാത്രമാണ് ജോലി തിരിച്ച് കൊടുത്തെന്നു പറഞ്ഞത്. ബാക്കി ആളുകൾക്ക് ജോലി കൊടുക്കുമെന്നാണ് പറയുന്നത്. അവരുടെ ഷെയർ സംഖ്യ കൊടുത്തിട്ടുണ്ടോ? പിരിച്ചു വിടുമ്പോൾ കൊടുക്കുന്ന മറ്റ് ആനുകൂല്യങ്ങൾ കൊടുത്തിട്ടുണ്ടോ? ഈ ആനുകൂല്യങ്ങളെല്ലാം ആരാണ് കൊടുക്കുന്നത്?

ശ്രീ. പി.എസ്. ശ്രീനിവാസൻ: അതിനെപ്പറ്റി ഇപ്പോൾ പറയാൻ സാധിക്കുകയില്ല. അവർക്കുകൂടി അധികം താമസിയാതെ ജോലി കൊടുക്കാനുള്ള ശ്രമം നടത്തിക്കൊണ്ടിരിക്കുകയാണ്. ജോലി കൊടുക്കാത്ത ആളുകൾക്ക് ഷെയർ തിരിച്ചുകൊടുക്കാൻ വ്യവസ്ഥ ഉണ്ട്.

ശ്രീ. കെ. സുകുമാരനുണ്ണി: പാലക്കാട് പ്രദേശത്തെ പറളി സ്റ്റീൽ മെറ്റീരിയൽസ് ലിമിറ്റഡ്, പാലക്കാട്ടെ പി.എസ്.ടയേഴ്സ്, പാലക്കാട്ടെ മാല്യബിംസ് എന്നിവ തുടങ്ങുമെന്നുള്ള പ്രഖ്യാപനം ഉണ്ടായിരുന്നു. അത് അടിയന്തിരമായി തുടങ്ങി പിരിച്ചുവിടപ്പെട്ട ജീവനക്കാർക്ക് ജോലി തിരിച്ച് കൊടുക്കാനുള്ള നടപടികൾ എടുക്കുമോ?

ശ്രീ. പി.എസ്. ശ്രീനിവാസൻ: അതിനുള്ള നടപടികൾ എടുത്തു കൊണ്ടിരിക്കുകയാണ്.

(ചോദ്യം 848 ചോദിച്ചില്ല)

തൊഴിൽ തർക്കങ്ങൾ

* 779 [849] ശ്രീമതി ഭാർഗ്ഗവി തങ്കപ്പൻ:
ശ്രീ. ഇ.പി. ഗോപാലൻ:
,, വി.കെ. രാജൻ:
,, റ്റി.എ. മജീദ്:
,, പി.കെ. ശ്രീനിവാസൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും ഭവനനിർമ്മാണവും വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വിവിധ കോടതികളിലായി തൊഴിൽ തർക്കങ്ങൾ സംബന്ധിച്ച എത്ര കേസ്സുകൾ നിലവിലുണ്ട്;

(ബി) അഡ്ജുഡിക്കേഷനിൽ ഇരിക്കുന്ന കേസുകൾ ഒരു ക്യിപ്ത കാലാവധിക്കുള്ളിൽ തീർക്കാനുള്ള എന്തെങ്കിലും ഏർപ്പാടുകൾ ഉണ്ടോ;

(സി) ഇല്ലെങ്കിൽ അതെപ്പറ്റി ഗൗരവപൂർവ്വം ആലോചിക്കുമോ;

(ഡി) തൊഴിൽത്തർക്കങ്ങൾ കൈകാര്യം ചെയ്യാനുള്ള അവകാശം അസിസ്റ്റന്റ് ലേബർ ആഫീസറൻമാർക്കുകൂടി നൽകുന്നതിൽ എന്തെങ്കിലും തടസ്സങ്ങളുണ്ടോ;

(ഇ) ഇല്ലെങ്കിൽ അതേപ്പറ്റി ഗൗരവപൂർവ്വം പരിഗണിക്കുമോ;

(എഫ്) പ്ലാന്റേഷൻ ലേബർ ആക്ടിന്റെ പരിധിയിൽ ഇപ്പോൾ ഉൾപ്പെടുത്തിയിട്ടുള്ള പ്ലാന്റേഷനുകൾ ഏതെല്ലാം?

തൊഴിലും ഭവനനിർമ്മാണവും വകുപ്പുമന്ത്രി (ശ്രീ. എം.കെ. രാഘവൻ):

LIBRARY ARCHIVES Kerala Legislative Assembly